Circular No: 158
**Media Day 2014**

The Catholic Metropolitan's House
P.B.No.71, Kottayam
Kerala, India - 686001

Date: 03-11-2014

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

ആഗോള കത്തോലിക്കാസഭ നവംബർ 16-ാം തീയതിയായ ഇന്ന് സമ്പർക്ക മാധ്യമദിനമായി ആചരിക്കുകയാണ്. വിവിധ മാധ്യമങ്ങളിലൂടെ സുവിശേഷം പ്രഘോഷിക്കേണ്ട കടമ നമ്മെ അനുസ്മരിപ്പിക്കുന്നതോടൊപ്പം മാധ്യമങ്ങൾ നമ്മിൽ ചെലുത്തുന്ന സ്വാധീനം എത്രത്തോളമെന്ന് മനസിലാക്കി അവയെ വിവേകപൂർവം ദൈവമഹത്വത്തിനും സമൂഹനന്മയ്ക്കുമായി പ്രയോജനപ്പെടുത്തണമെന്നും ഈ ദിനാചരണം നമ്മെ ഓർമ്മപ്പെടുത്തുന്നു. ആശയവിനിമയലോകം ഇന്ന് അഭൂതപൂർവകമായ പുരോഗതിയാണ് കൈവരിച്ചിരിക്കുന്നത്. ഇന്റർനെറ്റ് സംവിധാനങ്ങളുടെ വരവോടെയും ആധുനിക നവമാധ്യമ ശൃംഖലകളുടെ സംലഭ്യതയോടെയും ലോകം ചുരുങ്ങിച്ചുരുങ്ങി വിവിധ രാജ്യങ്ങളിലും ലോകത്തിന്റെ നാനാകോണുകളിലും ജീവിക്കുന്നവർ തമ്മിൽ അയൽക്കാരാകുന്ന അനുഭവം വളർന്നുവരുകയും ചെയ്തിരിക്കുന്നു. ഈ നൂതന മാധ്യമശൃംഖലകളുടെ കുറവുകളും ദോഷങ്ങളും നമുക്കു പരിചിതങ്ങളാണെങ്കിലും അവയെ അവഗണിക്കാനോ നിസാരങ്ങളായി കാണാനോ നമുക്കാവില്ല. യഥാർത്ഥത്തിൽ അവ നമുക്കുമുന്നിൽ വച്ചുനീട്ടുന്ന സുവിശേഷവൽക്കരണ സാധ്യത ഏറെ വിലപ്പെട്ടതാണ്.

'കൂട്ടായ്മ വളർത്തേണ്ട നവമാധ്യമ ശൃംഖലകൾ' എന്ന ആശയമാണ് ഈ വർഷത്തെ മാധ്യമദിന ചിന്താവിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമുക്കു നല്കിയിരിക്കുന്നത്. വെറും അറിവുകൾക്കും ഉപരിപ്ലവമായ സൗഹൃദങ്ങൾക്കും അപ്പുറത്ത് സാഹോദര്യത്തിന്റെ യഥാർത്ഥ കണ്ണികളായി മാറണം നവമാധ്യമങ്ങൾ എന്ന് പരി. പിതാവ് ആഗ്രഹിക്കുന്നു. കണ്ണഞ്ചിപ്പിക്കുന്ന വിസ്മയലോകം ഒരുവശത്ത് ആഡംബരങ്ങളിൽ മുഴുകുമ്പോൾ അനീതിയുടെയും മതപീഡനത്തിന്റെയും രോഗദുരിതങ്ങളുടെയും പിടിയിലമരുന്ന മറുഭാഗം വിസ്മരിക്കപ്പെടുകയാണ്. പലവിധ ഒറ്റപ്പെടുത്തലുകളും അവഗണനകളും മൂലം സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെടുന്നവരുടെ നേരെ നീളുന്ന സൗഹൃദശൃംഖലകളായി പരിണമിക്കണം നവമാധ്യമങ്ങൾ.

ആശയവിനിമയം യഥാർത്ഥ കൂട്ടായ്മയുടെ സംസ്കാരത്തിന് പിൻബലമാകുന്നു. സുവിശേഷത്തിലെ നല്ല സമരിയക്കാരന്റെ ഉപമ (ലൂക്കാ. 10,25-37) നമുക്കു മാതൃകയാണ്. അക്രമികളുടെ കൈകളിൽപെട്ട ഹതഭാഗ്യനായ മനുഷ്യനുമായി ആശയവിനിമയത്തിനു തയ്യാറാകുന്ന സമറിയാക്കാരൻ അയാൾക്ക് നല്ല അയൽക്കാരനായി മാറുന്നു. അയാളെ വെറും കൗതുകത്തിനായി സമീപിക്കുകയല്ല മറിച്ച്, കാര്യങ്ങൾ മനസിലാക്കി പരിചരിക്കുകയും അയാളുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്ന യഥാർത്ഥ സാഹോദര്യത്തിലേക്ക് വളരുവാൻ ഉപമയിലെ സമറിയാക്കാരന് ചുരുങ്ങിയ സമയത്തെ ആശയവിനിമയം മതിയായി.

ശരിയായ ആശയവിനിമയത്തിന് പരസ്പര ബഹുമാനത്തോടെയും തുറവിയോടെയുമുള്ള സംവാദം അനിവാര്യമാണ്. നല്ല സമറിയാക്കാരന്റെ ഉപമയിലെ ലേവ്യനും പുരോഹിതനും വഴിയിൽ കിടന്ന മനുഷ്യനെ സഹായിക്കുന്നതിന് അവരുടെ മതപരമായ ശുചിത്വനിഷ്ഠ തടസ്സമായി. മുറിപ്പെട്ട മനുഷ്യന്റെ വേദനയെ മനസിലാക്കാൻ മാത്രം അലിവും ആത്മീയ ഉണർവും വിശാലമനസും ഇല്ലാത്ത സഭാമക്കൾ ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടാൻ യോഗ്യരല്ലെന്നു തന്നെ പറയാം. നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെയും ചിന്താഗതിയെയും ഉപേക്ഷിക്കാതെ തന്നെ മറ്റുള്ളവരുടെ കാഴ്ചപ്പാടുകളെ ആദരിക്കുകയും അവരിലെ നന്മയെ അംഗീകരിക്കുകയും അവരുടെ ആവശ്യങ്ങൾക്കു നേരെ ഹൃദയം തുറക്കുകയും ചെയ്യുന്നതാണ് സംവാദം. നവമാധ്യമ ശൃംഖലകളുടെ സൗഹൃദങ്ങൾ ഒറ്റപ്പെടലുകളും സമാനമനസ്സുകളുടെ കൂട്ടംചേരലുകളും മാത്രമായി ചുരുങ്ങുമ്പോൾ നഷ്ടപ്പെടുന്നത് മനുഷ്യസാഹോദര്യത്തിന്റെ വിശാലചക്രവാളങ്ങളിലേക്കു വളരാനുള്ള സാധ്യതയാണ്.

സുവിശേഷവത്കരണത്തിനായി നവമാധ്യമശൃംഖലകൾ നാം പ്രയോജനപ്പെടുത്തണം. 'ലോകത്തിന്റെ അതിർത്തികൾ വരെയും' (നടപടി 1, 8) സുവിശേഷത്തിനു സാക്ഷികളാകുവാൻ മുൻതലമുറകൾക്ക് ലഭിക്കാതെപോയ ഒരു പുതിയ സാധ്യത കൂടി ഇന്ന് നമുക്കു ലഭിച്ചിരിക്കുന്നു - നവമാധ്യമ ശൃംഖലകൾ. രക്ഷകനായ ഈശോമിശിഹാ നമ്മെ പഠിപ്പിച്ച പാവങ്ങളോടു കാണിക്കേണ്ട കാരുണ്യത്തിനും ശത്രുക്കളോടുപോലും ഉണ്ടായിരിക്കേണ്ട സഹിഷ്ണുതയ്ക്കും സാക്ഷ്യം വഹിക്കുവാനും ലോകസമാധാനത്തിനും മനുഷ്യസഹവർത്തിത്വത്തിനും വേണ്ടി കൈകോർക്കുവാനും നവമാധ്യമങ്ങൾ നമ്മെ സഹായിക്കുന്നു. മനുഷ്യഹൃദയങ്ങളെ നന്മയിലേക്കു ചലിപ്പിക്കാൻ കഴിയുന്ന ചാലകശക്തിയായി മാറണം ഇന്നത്തെ സഭയുടെ ആശയവിനിമയ ലോകം.

ആഗോളസഭ മാധ്യമദിനം ആചരിക്കുമ്പോൾ നമ്മുടെ അതിരൂപതയുടെ മുഖപത്രമായ അപ്നാദേശിന്റെ പ്രാധാന്യം നാം വിസ്മരിക്കരുത്. മാധ്യമസാധ്യതകളെ ഉപയോഗിച്ച് അർദ്ധസത്യങ്ങളും അസത്യങ്ങളും പ്രചരിപ്പിക്കുകയും സാധാരണക്കാരായ വിശ്വാസികളുടെയിടയിൽ തെറ്റിദ്ധാരണകൾ പരത്തി സഭയെയും സമുദായത്തെയും ഛിന്നഭിന്നമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നവരുണ്ട്. എന്നാൽ കോട്ടയം അതിരൂപതയെ ഒരു ചരടിൽ കോർത്തിണക്കുകയും കാര്യങ്ങളുടെ സത്യാവസ്ഥ സമുദായാംഗങ്ങളെ അറിയിക്കുകയും ചെയ്യുന്ന അതിരൂപതയുടെ ഔദ്യോഗിക പത്രമാണ് അപ്നാദേശ്. അഞ്ചു ഭൂഖണ്ഡങ്ങളിലും തപാലിൽ എത്തുന്ന ഏക കത്തോലിക്കാ പ്രസിദ്ധീകരണമാണ് അപ്നാദേശ്. ഓൺലൈൻ പത്രത്തിന് അറുപതിലധികം രാജ്യങ്ങളിൽ വായനക്കാരുണ്ടെന്നതും നമുക്ക് അഭിമാനമാണ്. അതിരൂപതയെക്കുറിച്ചും സമുദായത്തെക്കുറിച്ചും പ്രചരിപ്പിക്കുന്ന തെറ്റിദ്ധാരണകളുടെയും അസത്യങ്ങളുടെയും നിജസ്ഥിതി മനസിലാക്കുവാൻ അപ്നാദേശും, അപ്നാദേശ് ഓൺലൈനും നമ്മെ സഹായിക്കും. അപ്നാദേശ് നമ്മുടെ എല്ലാ ഭവനങ്ങളിലും എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏവരും ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

ഭിന്നതകളെ തകർക്കുന്ന സാഹോദര്യത്തിന്റെയും ആദരവോടെയുള്ള പരസ്പര സംവാദത്തിന്റെയും വേദികളാവട്ടെ നമ്മുടെ മാധ്യമലോകം. നവമാധ്യമശൃംഖലകൾ സമൂഹത്തിൽ മുറിപ്പെട്ട മനുഷ്യനെ പരിചരിക്കുന്ന നല്ല അയൽക്കാരുടെ കൂട്ടായ്മകളാവണം. അസഹിഷ്ണുതയും അസമാധാനവും അസ്വസ്ഥപ്പെടുത്തുന്ന ആധുനിക ലോകത്തിൽ വിശ്വസാഹോദര്യത്തിന്റെയും സുവിശേഷസന്തോഷത്തിന്റെയും വക്താക്കളാകുവാൻ സർവശക്തനായ ദൈവം നമ്മെയേവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ മാധ്യമദിനമായ നവംബർ 16-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി.കുർബാനയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിച്ചറിയിക്കേണ്ടതും ആ ദിവസത്തെ സ്തോത്രകാഴ്ച മാധ്യമരംഗത്തെ സഭയുടെ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.